DESPATCHED
On 04/01/22

15/12/21



**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2561603, ഫാക്സ്: 0471 2330920**
**E-mail: sic.ker@nic.in**

**ഹർജി നമ്പർ CP No.443(4)/*2015/എസ്.ഐ.സി.***

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.4892/*എസ്.ഐ.സി-ജി 2/2015*)**

**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

തീയതി: 15-12-2021

ശ്രീ. പൗലോസ്.എ.പി,
അറയ്ക്കൽ വീട്,
ആലാട്ടു ചിറ പി.ഒ, പെരുമ്പാവൂർ
എറണാകുളം 683 544. - പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സി-ഡിറ്റ്, ചിത്രാഞ്ജലി ഹിൽസ്, തിരുവല്ലം,
തിരുവനന്തപുരം- 695 027. - എതിർകക്ഷി

**ഉത്തരവ്**

ടി പരാതി ഹർജിയിൽ കോർട്ട് ഫീ സ്റ്റാമ്പ് സ്വീകാര്യമല്ലെന്നും, അപേക്ഷാ ഫീസായി സി-ഡിറ്റ് രജിസ്ട്രാറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിഡി ആയി എടുക്കുകയോ, സി-ഡിറ്റിൽ നേരിട്ട് അടക്കുകയോ ചെയ്യണമെന്നും നിർദേശിച്ച് അപേക്ഷ സമർപ്പിച്ച് 10 ദിവസത്തിനുള്ളിൽ തന്നെ എതിർകക്ഷി പരാതി ഹർജിക്കാരന് കത്തയച്ചിരുന്നു. എന്നാൽ അതനുസരിച്ച് പ്രവർത്തിക്കുന്നതിനു പകരം, കോർട്ട് ഫീ സ്റ്റാമ്പ് തന്നെ പതിക്കേണ്ടതിന്റെ ന്യായവാദങ്ങൾ ഉന്നയിച്ച് വീണ്ടും പരാതി അയക്കുകയാണ് പരാതി ഹർജിക്കാരൻ ചെയ്തിട്ടുള്ളത്. ഇതു പരിഗണിക്കാൻ കഴിയുന്ന കാര്യമല്ല. സർക്കാറിന്റെ ഏതെങ്കിലും ഒരു

വകുപ്പ് അല്ലാത്തതു കൊണ്ട്, സി-ഡിറ്റ് മാത്രമല്ല, സംസ്ഥാന പൊതുമേഘലാ സ്ഥാപനങ്ങളും, സർവകലാശാലകളും ഒക്കെ അവർ നിഷ്കർഷിക്കുന്ന വിധത്തിലാണ് ഫീസ് ഈടാക്കികൊണ്ടിരിക്കുന്നത്. അതിന് അവർക്ക് അവകാശമുണ്ട്. അപേക്ഷകൻ അതനുസരിച്ച് പ്രവർത്തിക്കുന്നതിനു പകരം, ന്യായവാദങ്ങൾ ഉന്നയിച്ച് വീണ്ടും പരാതി നൽകുന്നത് ആശാസ്യമല്ല. അതുകൊണ്ട്, ഈ പരാതി ഹർജി നിരസിച്ച് ഇന്നേ ദിവസം ഡിസംബർ 15, 2021 ന് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

STATE INFORMATION COMMISSION · THIRUVANANTHAPURAM

pre